# ‘പരീക്ഷകളെ അതിജീവിക്കുക’

## മത്തായി 4:1

“അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നടത്തി.”

30 വർഷത്തെ രഹസ്യ ജീവിതത്തിനു ശേഷം മൂന്നരവർഷക്കാലം വരുന്ന പരസ്യ ശുശ്രൂഷയുടെ തുടക്കം. കർത്താവിന്റെ ജീവിതത്തിൽ ദൈവപ്രസാദമുണ്ടായി എന്ന വെളിപ്പെടുത്തലും ഉണ്ടാകുന്നു (മത്തായി 3:16-17). ദൈവം പ്രസാദിക്കുന്ന ജീവിതത്തിന്മേൽ പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ സാധ്യതയുണ്ട് എന്ന് നമുക്ക് വ്യക്തമാകുന്നു.

കർത്താവിന്റെ രക്തത്താൽ കഴുകപ്പെട്ട്, വിശ്വാസത്താൽ വീണ്ടെടുപ്പിന്റെ വില അനുഭവിക്കാൻ കഴിഞ്ഞ ജീവിതത്തിന്മേൽ ദൈവവിളിയും, ദൈവപ്രസാദവും തീർച്ചയായും ഉണ്ട്. അങ്ങനെ നിൽക്കുന്ന ദൈവപൈതലിന്റെ മേൽ ഒരു പരീക്ഷയുടെ ശക്തി പതുങ്ങി ഇരിപ്പുണ്ട്.

ജീവിതത്തിന്റെ വിശപ്പിന്മേൽ ആയിരുന്നല്ലോ യേശുവിന്റെ ആദ്യ പരീക്ഷ. 40 ദിവസവം അവൻ മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടു എന്ന് (ലൂക്കൊ. 4:1) വചനം വ്യക്തമാക്കുന്നു. ശാരീരികമായി ബലഹീനപ്പെട്ട അവസ്ഥയിൽ പൈശാചിക പോരാട്ടത്തിന്റെ ഒരു കടന്നു വരവ് ഉണ്ട്. ഇന്ന് പലവിധമായ വിശപ്പിന്റെ മധ്യത്തിൽ നാം ആയിരിക്കുമ്പോൾ, അത് ഭക്ഷണത്തിനു വേണ്ടി മാത്രമല്ല, എന്നാൽ വിവിധങ്ങളായ ആവശ്യഭാരങ്ങളാൽ ഞെരങ്ങുന്നതിന്റെ നടുവിൽ ദുഷ്ടൻ കടന്നു വരും. ദൈവിക പദ്ധതികൾക്ക് വിരുദ്ധമായി വേഗത്തിൽ കാര്യങ്ങൾ നിർവ്വഹിച്ചു തരാൻ സന്നദ്ധനായിട്ടാണ് ഈ ആഗമനം. അതുകൊണ്ടാണല്ലോ ഈ “കല്ല് അപ്പമായി തീരാൻ കല്പിക്ക” എന്നു പറഞ്ഞത്. തുടർന്നുള്ള രണ്ടു പരീക്ഷകളും അതുതന്നെ വെളിപ്പെടുത്തുന്നു. “നീ ദൈവപുത്രൻ എങ്കിൽ” എന്ന സംബോധനയോടു കൂടിയാണ് അവൻ യേശുവിനെ സമീപിക്കുന്നതും. അതേ പ്രിയരേ, ദൈവമക്കളെ അവന് നന്നായി തിരിച്ചറിയാം. എന്നാൽ ദൈവമക്കൾ തന്നെ ആണോ എന്ന ഉറച്ച വിശ്വാസത്തിന്മേൽ ഒരു കനലിട്ടു എന്നതാണ് പിശാചിന്റെ പദ്ധതി. ഒരു ‘എങ്കിൽ’ നമ്മുടെ ഹൃദയത്തിൽ വീശിയാൽ അവൻ ജയിച്ചു.

ദൈവത്തിന്റെ കഴിവിനെ സംശയിപ്പിച്ചു കൊണ്ട്, ദൈവവിരുദ്ധമായത് ചെയ്യാൻ ചിന്ത തരുന്നത് വ്യക്തമാണല്ലോ. പ്രശ്നങ്ങളെക്കാൾ വലുപ്പമുള്ള ദൈവത്തെ കാണാൻ നമുക്ക് ആ സാഹചര്യത്തിൽ കഴിയണം എന്നതാണ് വിശ്വാസം. യേശുകർത്താവിന്, അപ്പോൾ

തന്നെ കല്ലിനെ അപ്പമാക്കാൻ കഴിയുമായിരുന്നു. എന്നാൽ തന്റെ സമയം ആയിട്ടില്ല എന്ന് കർത്താവിന് അറിയാമായിരുന്നു. ചില സഹനങ്ങൾ, ആത്മാക്കളുടെ രക്ഷയ്ക്കും വീണ്ടെടുപ്പിനും ഉണ്ട് എന്ന ദൈവിക പദ്ധതിക്ക് കീഴ്പ്പെടുവാൻ കർത്താവിന് കഴിഞ്ഞു, പരീക്ഷയെ അതിജീവിച്ചു.

ഇന്നും ദൈവവചനം എടുത്തുകൊണ്ട് തന്നെ പരീക്ഷിക്കുവാൻ ദുഷ്ടൻ ഒരുങ്ങി ഇരിക്കുകയാണ്. ഇത്ര പ്രാർത്ഥിച്ചിട്ടും, ദൈവത്തെ വിളിച്ചപേക്ഷിച്ചിട്ടും എന്തുകൊണ്ട്? എന്ന ചോദ്യം ഹൃദയത്തിൽ ഇട്ടു തരും. എന്നാൽ നമ്മുടെ Identity, അതിനു മാറ്റമില്ല. ദൈവമക്കൾ എങ്കിൽ അത് അന്ത്യത്തോളം അങ്ങനെതന്നെ. പരീക്ഷകളെ ദൈവശക്തിയിൽ ആശ്രയിച്ച് ജയിക്കണം. 2 പത്രോസ് 1:3 പറയുന്നു – "നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും നമുക്ക് ദാനം ചെയ്തിരിക്കുന്നുവല്ലോ." എത്ര മഹത്തായ അനുഭവം. അവന്റെ ദിവ്യശക്തി കൂടെയുണ്ട് എന്ന ഉറപ്പ് സകല പരീക്ഷകളെയും അതിജിവിക്കാൻ ബലപ്പെടുത്തട്ടെ. ജീവിതത്തിന്റെ ചെറുതും വലുതുമായ ആവശ്യഭാരങ്ങൾ, സ്തോത്രത്തോടെ ദൈവിക പദ്ധതിക്കും, ദൈവത്തിന്റെ സമയത്തും നടക്കുവാൻ നമുക്ക് വിട്ടുകൊടുക്കാം. 'ദൈവമക്കൾ' എന്ന Identityക്ക് ഒരു കോട്ടവും തട്ടാതെ തന്നെ, വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നമുക്ക് നല്കിയതിനെ ഓർത്ത് പ്രത്യാശയോടെ ജീവിക്കാൻ ഏവരെയും കർത്താവ് സഹായിക്കട്ടെ.

പരാമർശം:

1 കൊരിന്ത്യർ 10:13

മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല, ദൈവം വിശ്വസ്തൻ, നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 081**